**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3073** **01-03-2023 - ൽ മറുപടിയ്ക്ക്**

**പണിപൂർത്തിയായ റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പണിപൂർത്തിയായ പൊതുമരാമത്ത് റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുന്നതിനും വെട്ടിപ്പൊളിച്ചാൽത്തന്നെ ആയത് ഉടനടി പുനഃസ്ഥാപിക്കുന്നതിനുമായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | ജലഅതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിക്കുന്നതും പുന:സ്ഥാപിക്കുന്നതും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ 14.02.2023 ലെ ജി.ഒ (എം.എസ്) നം.11/2023/പി.ഡബ്ല്യൂ.ഡി പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റു ഏജൻസികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും അനുമതി ലഭ്യമാക്കുന്നതും "റൈറ്റ് ഓഫ്" വേ (RoW) എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിനു കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. ഇത്തരത്തിൽ ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകളും, നൽകി വരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് തന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത് വഴി നിലവിൽ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ വലിയ ഒരു അളവു വരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ പൂർത്തിയായ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിലൂടെ ശരാശരി പ്രതിവർഷം എത്ര തുകയുടെ നഷ്ടമാണ് സംസ്ഥാനത്ത് വരുന്നതെന്നും ഈ സർക്കാർ കാലയളവിൽ | (ബി) | പൈപ്പുകൾ അറ്റകുറ്റപ്പണികൾ നടത്തി പൊതുജനങ്ങൾക്കു കുടിവെള്ളം എത്തിക്കുന്നതിനും, പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്ന സാഹചര്യത്തിലുമാണ് റോഡുകൾ വെട്ടിപ്പൊളിക്കേണ്ട സാഹചര്യം വരുന്നത്. നിലവിൽ |

| | | | |
|---|---|---|---|
| | നാളിതുവരെ എന്തു തുക ഇത്തരത്തിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | | റോഡുമായി ബന്ധപ്പെട്ട് കുടിവെള്ള പൈപ്പുകളുടെ ശൃംഖലകൾ കടന്നു പോകുന്ന ഒരു ഭൗതിക സാഹചര്യത്തിൽ അറ്റകുറ്റപ്പണി നടത്തുന്നതിനും പുതിയ കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും തുക ഈടാക്കി റെസ്റ്റോറേഷൻ പ്രവൃത്തികളായാണ് ചെയ്തു വരുന്നത്. |
| (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. ഉടങ്ങിയ വിവിധ വകുപ്പുകളുമായി ചർച്ച നടത്തി എന്തൊക്കെ തീരുമാനങ്ങൾ എടുത്തുവെന്നും ഇതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എന്തൊക്കെ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയെന്നും വ്യക്തമാക്കുമോ? | (സി) | കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികളും പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായും ജോയിന്റ് സെക്രട്ടറിയും വിവിധ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരും ജലസേചന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളായും സ്ഥിരം സമിതി രൂപീകരിച്ചുകൊണ്ടു 07.01.2022 ലെ ജി.ഒ (ആർ.റ്റി) നം.20/2022/ പി.ഡബ്ല്യൂഡി പ്രകാരം ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകൾ/ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാദ്ധ്യമാക്കുന്നതിനായി ജില്ലാതല ഇൻഫ്രാസ്ട്രക്ചർ കോ - ഓർഡി നേഷൻ കമ്മിറ്റികൾ (DICC) , PMG പോർട്ടൽ, RoW പോർട്ടൽ എന്നിവയും നിലവിൽ ഉണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള നടപടികൾ PMG പോർട്ടൽ മുഖേന നടപ്പിലാക്കി വരുന്നു. റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന്റെ പുരോഗതി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും നടത്തുന്ന DICC മീറ്റിംഗുകളിൽ വിലയിരുത്തി വരുന്നു. പൊതുമരാമത്ത് റോഡുകളിൽ കേരള വാട്ടർ അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പുതുക്കിയ മാനദണ്ഡങ്ങൾ 14.02.2023 ലെ ജി.ഒ (എം.എസ്) നം.11/2023/ പി.ഡബ്ല്യൂഡി പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഏജൻസികളുടെ പ്രവൃത്തികൾക്കായി റോഡുകൾ കുഴിക്കേണ്ടിവരുന്ന വേളയിൽ അവ റീസ്റ്റോർ ചെയ്യുന്നതിനുള്ള സ്പെസിഫിക്കേഷൻ, നിരക്കുകൾ എന്നിവ പുതുക്കി നിശ്ചയിച്ചുകൊണ്ട് 10.02.2023 ൽ നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർ സർക്കുലർ പുറപ്പെടുവിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ